**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 34** **23-02-2022 - ൽ മറുപടിയ്ക്ക്**

**സഹകരണ രംഗത്ത് കേന്ദ്ര സർക്കാരിന്റെ ഇടപെടൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ. എം. എം. മണി,<br>ശ്രീ. കെ.എം.സച്ചിൻദേവ്,<br>ശ്രീ ജി സ്റ്റീഫൻ | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | ഭരണഘടനയുടെ 7-ാം പട്ടിക പ്രകാരം സംസ്ഥാന വിഷയമായ സഹകരണ മേഖലയുടെ സുഗമമായ പ്രവർത്തനത്തിന് വിഘാതമാകുന്ന തരത്തിൽ റിസർവ്വ് ബാങ്ക് മുഖേനയും ആദായ നികുതി വകുപ്പ് മുഖേനയും കേന്ദ്ര സർക്കാർ നിരന്തരം നടത്തുന്ന ഇടപെടലുകൾ ഫെഡറൽ തത്വങ്ങൾക്ക് വിരുദ്ധമായതിനാൽ ഇത്തരം നടപടികളിൽ നിന്നും പിന്മാറാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ; | (എ) | ബാങ്കിംഗ് റെഗുലേഷൻ നിയമത്തിൽ 2020ൽ വരുത്തിയ ഭേദഗതി മൂലം BR Act ലെ വ്യവസ്ഥകൾ മിക്കവയും സഹകരണ സംഘങ്ങൾക്ക് ബാധകമാക്കിയിട്ടുണ്ട്. 'സഹകരണം' ഒരു സംസ്ഥാന വിഷയമാണ്. അതിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാന സഹകരണ നിയമം പാസ്സാക്കിയിട്ടുള്ളത്. എന്നാൽ ബാങ്കിംഗ് റെഗുലേഷൻ നിയമത്തിൽ വരുത്തിയ ഭേദഗതികൾ മിക്കവയും സഹകരണ നിയമത്തിന് വിരുദ്ധവും, സഹകരണ സ്ഥാപനങ്ങളെ നിയമവിധേയമല്ലാതെ നിയന്ത്രിക്കുന്നതിനും ലക്ഷ്യമിട്ടതാണ്. ബാങ്കിംഗ് നിയമത്തിൽ വരുത്തിയ മാറ്റങ്ങൾ സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിന് ലക്ഷ്യം വച്ചിട്ടുള്ളതാകയാൽ ടി ഭേദഗതികളെ സുപ്രീംകോടതിയിൽ ചോദ്യം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കേന്ദ്ര ആദായനികുതി നിയമത്തിൽ പുതിയതായി കൂട്ടിചേർത്ത 194 N എന്ന വകുപ്പ് പ്രാബല്യത്തിൽ വന്നതോടെ സംസ്ഥാനത്തെ പ്രാഥമിക വായ്പ സഹകരണ സംഘങ്ങൾ ബാങ്കിംഗ് ബിസിനസ്സ് അല്ല ചെയ്യുന്നതെന്ന് അഭിപ്രായപ്പെട്ട് പ്രാഥമിക സഹകരണ ബാങ്കുകളിൽ നിന്നും ആദായനികുതി ഈടാക്കണമെന്ന് കാണിച്ച് നികുതി വകുപ്പ് നോട്ടീസ് നൽകുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ 2019-ൽ ബഹുമാനപ്പെട്ട കേന്ദ്ര ധനകാര്യ വകുപ്പ് മന്ത്രി, ബഹുമാനപ്പെട്ട കേന്ദ്ര കൃഷി വകുപ്പ് മന്ത്രി എന്നിവർക്ക് ബഹുമാനപ്പെട്ട മുൻ സഹകരണ വകുപ്പ് മന്ത്രി നേരിട്ട് നിവേദനം സമർപ്പിക്കുകയുണ്ടായി. എന്നാൽ അനുകൂല നടപടി ഉണ്ടാകാത്തതിനാൽ വീണ്ടും കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ ഈ വിഷയം കൊണ്ടു വരുന്നതിനുള്ള നടപടികൾ |

| | | | |
|---|---|---|---|
| | | | സ്വീകരിച്ചു വരുന്നു. 194 N പ്രകാരം സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കുന്ന വിഷയത്തിൽ തുടർ നടപടികൾ ചർച്ച ചെയ്യാൻ സംസ്ഥാനത്തെ സഹകാരികളേയും വിഷയവിദഗ്ദ്ധരേയും പങ്കെടുപ്പിച്ച് ഒരു യോഗം സംഘടിപ്പിച്ചിരുന്നു. കൂടുതൽ ചർച്ചകൾക്ക് ശേഷം നിയമ നടപടികൾ സ്വീകരിക്കുന്നതിനുള്ള സാധ്യത ആരായുന്നതിനും തുടർനടപടികൾ സ്വീകരിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പ്രസ്തുത നിയമത്തിനെതിരെ ഒരു റിട്ട് ഫയൽ ചെയ്യുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. 2020 ലെ ഫിനാൻസ് ആക്ടിലൂടെ കേന്ദ്ര സർക്കാർ ആദായ നികുതി നിയമം 1961 ലെ 194 A വകുപ്പ് ഭേദഗതി ചെയ്തു കൊണ്ട് ഉത്തരവിറക്കിയിരുന്നു. സംസ്ഥാന സഹകരണ മേഖലയെ പ്രതികൂലമായി ബാധിക്കുന്ന ടി വകുപ്പിലെ വ്യവസ്ഥകളെ ചോദ്യം ചെയ്തുകൊണ്ട് നിയമനടപടികൾ സഹകരണ സ്ഥാപനം സ്വീകരിച്ചുവരുന്നുണ്ട്. |
| (ബി) | സംസ്ഥാനത്ത് പ്രാഥമിക സഹകരണ ബാങ്കുകൾ ഉൾപ്പടെ എത്ര സഹകരണ സംഘങ്ങൾ ഉണ്ടെന്നും അവയിലെല്ലാം കൂടിയുള്ള ആകെ നിക്ഷേപം എത്രയെന്നും അറിയിക്കാമോ; | (ബി) | സംസ്ഥാനത്ത് പ്രാഥമിക സഹകരണ ബാങ്കുകൾ ഉൾപ്പെടെ 16,112 സഹകരണ സംഘങ്ങൾ നിലവിലുണ്ട്. അവയിലെല്ലാം കൂടിയുള്ള നിക്ഷേപം 2,46,326.9712 കോടി രൂപയാണ്. |
| (സി) | കേന്ദ്ര സർക്കാർ സഹകരണ സ്ഥാപനങ്ങളെ ബാങ്കിംഗ് നിയന്ത്രണ നിയമത്തിന്റെ പരിധിയിലാക്കി അവയുടെ സേവനം പാവപ്പെട്ടവർക്ക് നിഷേധിക്കുന്ന നടപടി കൊള്ളപ്പലിശക്കാരുടെ താല്പര്യം സംരക്ഷിക്കപ്പെടാൻ കാരണമാകുമെന്നതിനാൽ കേന്ദ്ര സർക്കാരിന്റെ പ്രസ്തുത നീക്കത്തെ പ്രതിരോധിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | ബാങ്കിംഗ് റെഗുലേഷൻ നിയമത്തിൽ 2020ൽ വരുത്തിയ ഭേദഗതി മൂലം BR Act ലെ വ്യവസ്ഥകൾ മിക്കവയും സഹകരണ സംഘങ്ങൾക്ക് ബാധകമാക്കിയിട്ടുണ്ട്. 'സഹകരണം' ഒരു സംസ്ഥാന വിഷയമാണ്. അതിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാന സഹകരണ നിയമം പാസ്സാക്കിയിട്ടുള്ളത്. എന്നാൽ ബാങ്കിംഗ് റെഗുലേഷൻ നിയമത്തിൽ വരുത്തിയ ഭേദഗതികൾ മിക്കവയും സഹകരണ നിയമത്തിന് വിരുദ്ധവും, സഹകരണ സ്ഥാപനങ്ങളെ നിയമവിധേയമല്ലാതെ നിയന്ത്രിക്കുന്നതിനും ലക്ഷ്യമിട്ടതാണ്. ബാങ്കിംഗ് നിയമത്തിൽ വരുത്തിയ മാറ്റങ്ങൾ സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിന് ലക്ഷ്യം വച്ചിട്ടുള്ളതാകയാൽ ടി ഭേദഗതികളെ സുപ്രീംകോടതിയിൽ ചോദ്യം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കേന്ദ്ര ആദായനികുതി നിയമത്തിൽ പുതിയതായി കൂട്ടിചേർത്ത 194 N എന്ന വകുപ്പ് പ്രാബല്യത്തിൽ വന്നതോടെ സംസ്ഥാനത്തെ പ്രാഥമിക വായ്പ സഹകരണ സംഘങ്ങൾ ബാങ്കിംഗ് ബിസിനസ്സ് അല്ല ചെയ്യുന്നതെന്ന് അഭിപ്രായപ്പെട്ട് പ്രാഥമിക സഹകരണ ബാങ്കുകളിൽ നിന്നും ആദായനികുതി |

| | | | |
|---|---|---|---|
| | | | ഈടാക്കണമെന്ന് കാണിച്ച് നികുതി വകുപ്പ് നോട്ടീസ് നൽകുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ 2019-ൽ ബഹുമാനപ്പെട്ട കേന്ദ്ര ധനകാര്യ വകുപ്പ് മന്ത്രി, ബഹുമാനപ്പെട്ട കേന്ദ്ര കൃഷി വകുപ്പ് മന്ത്രി എന്നിവർക്ക് ബഹുമാനപ്പെട്ട മുൻ സഹകരണ വകുപ്പ് മന്ത്രി നേരിട്ട് നിവേദനം സമർപ്പിക്കുകയുണ്ടായി. എന്നാൽ അനുകൂല നടപടി ഉണ്ടാകാത്തതിനാൽ വീണ്ടും കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ ഈ വിഷയം കൊണ്ടു വരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 194 N പ്രകാരം സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കുന്ന വിഷയത്തിൽ തുടർ നടപടികൾ ചർച്ച ചെയ്യാൻ സംസ്ഥാനത്തെ സഹകാരികളേയും വിഷയവിദഗ്ദ്ധരേയും പങ്കെടുപ്പിച്ച് ഒരു യോഗം സംഘടിപ്പിച്ചിരുന്നു. കൂടുതൽ ചർച്ചകൾക്ക് ശേഷം നിയമ നടപടികൾ സ്വീകരിക്കുന്നതിനുള്ള സാധ്യത ആരായുന്നതിനും തുടർനടപടികൾ സ്വീകരിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, പ്രസ്തുത നിയമത്തിനെതിരെ ഒരു റിട്ട് ഫയൽ ചെയ്യുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. 2020 ലെ ഫിനാൻസ് ആക്ടിലൂടെ കേന്ദ്ര സർക്കാർ ആദായ നികുതി നിയമം 1961 ലെ 194 A വകുപ്പ് ഭേദഗതി ചെയ്തു കൊണ്ട് ഉത്തരവിറക്കിയിരുന്നു. സംസ്ഥാന സഹകരണ മേഖലയെ പ്രതികൂലമായി ബാധിക്കുന്ന ടി വകുപ്പിലെ വ്യവസ്ഥകളെ ചോദ്യം ചെയ്തുകൊണ്ട് നിയമനടപടികൾ സഹകരണ സ്ഥാപനം സ്വീകരിച്ചുവരുന്നുണ്ട്. സംസ്ഥാനത്തെ Multi State Co-operative Societies ന്റെ പ്രവർത്തനം സുതാര്യമാക്കുന്നതിനായി സർക്കാർ ഇതിനകം ഇടപെടൽ നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ